

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26




## ജി.എൽ.പി.എസ് വള്ളിക്കുന്ന്



# ആമുഖം

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിൽ മുണ്ടിയങ്കാവ് പറമ്പിൽ സ്ഥിതി ചെയ്യുന്ന വള്ളിക്കുന്ന് ജി എൽ പി സ്കൂൾ 1921 സ്ഥാപിതമായി. മാപ്പിള ഗേൾസ് എലിമെൻററി സ്കൂൾ എന്ന പേരിൽ ഇപ്പോഴത്തെ സ്കൂൾ കെട്ടിടത്തിൽ നിന്നും 500 മീറ്റർ പടിഞ്ഞാറായിരുന്നു പഴയ കെട്ടിടം. 1924 സ്വകാര്യ വ്യക്തി വിട്ടുനൽകിയ 74.71 സെൻറ് ഭൂമിയിൽ പണിത കെട്ടിടം ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുത്ത് ഒന്നു മുതൽ അഞ്ചാം തരം വരെ ആക്കി മാറ്റി. പിന്നീട് സർക്കാർ ഏറ്റെടുക്കുകയും ഗവൺമെൻറ് എൽ പി സ്കൂൾ എന്ന പേരിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. നിലവിൽ പ്രീ പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെ പ്രവർത്തിക്കുന്ന സൗകര്യങ്ങളോടു കൂടിയ എട്ട് ക്ലാസ് മുറികൾ, ഓഫീസ്, ഹാൾ, അടുക്കള, സ്റ്റേജ്, എന്നിവ സ്കൂളിലുണ്ട്. പ്രീ പ്രൈമറിക്കായി വർണ്ണക്കൂടാരം പദ്ധതിയിലൂടെ ലഭ്യമായ പാർക്ക്, കളി ഉപകരണങ്ങൾ എന്നിവയും, കിണർ, ചുറ്റുമതിൽ, വാട്ടർ സപ്ലൈ, ഇൻറർലോക്ക് ചെയ്ത മുറ്റം, കമ്പോസ്റ്റ്, എന്നിവയും നിലവിലുണ്ട്.

പൊതുവിദ്യാഭ്യാസത്തിൻറെ ഗുണമേന്മ കൂടുതൽ മിച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നത്. 2025 -26 അധ്യായന വർഷത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. അക്കാദമിക നേട്ടങ്ങൾക്കൊപ്പം ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് പദ്ധതിലക്ഷ്യം ഇടുന്നത്. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റുന്നതിനും അതോടൊപ്പം കുട്ടികളെ ലൈബ്രറിയുമായി കൂടുതൽ അടുപ്പിക്കുന്നതിനും ഇംഗ്ലീഷ് ഭാഷ അനായാസമായി ഉപയോഗിക്കാൻ പര്യാപ്തമാകുന്ന രീതിയിൽ ലാംഗ്വേജ് കോർണറുകൾ സജ്ജമാക്കാനും രക്ഷിതാക്കളുടെ പങ്കാളിത്തവും ഇടപെടലുകളും സ്കൂളിലും പഠനകാര്യങ്ങളിലും ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## പൊതുലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലെയും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും ലഭ്യമായെന്ന് ഉറപ്പുവരുത്തുക.
- കുട്ടിയക്ക് മികച്ച ഭൗതിക സാഹചര്യവും പഠനാന്തരീക്ഷവും ഒരുക്കുക.
- ഓരോ കുട്ടിയെയും മനസ്സിലാക്കി പഠന വിടവ് കണ്ടെത്തി പഠന സാഹചര്യമൊരുക്കുക
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ഒരുക്കുക
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ പൂർത്തിയാക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുക
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പുരോഗതിക്ക് ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നിർണ്ണായക മാണ്.
- കുട്ടികളുടെ സർഗ്ഗ സർഗ്ഗപരവും പരവും അക്കാദമികവും കായിക പരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സബ് ജില്ലാതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക

# Std : 1

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| **<u>ഭാഷ</u>**<br>(1) എല്ലാ കുട്ടികളെയും സ്വതന്ത്ര വായന കാരാക്കുക<br>- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തകം ശേഖരണം ഒരുക്കൽ<br>- കുട്ടികളുടെ വായനയിൽ രക്ഷിതാക്കളെ പങ്കാളികളാക്കൽ<br>- ആശയ ഗ്രഹണ വായന ആസ്വാദ്യ വായന എന്നിവ പ്രോത്സാഹിപ്പിക്കൽ<br>- ആശയങ്ങൾ സംഭവങ്ങൾ എന്നിവ ക്രമമായി ഓർത്തു പറയുന്നതിനുള്ള കഴിവ് നേടുന്നു<br>- കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതു സമൂഹവുമായി പങ്കിടൽ | **<u>വായനോത്സവം</u>**<br>- ക്ലാസ്സ് ലൈബ്രറി ക്രമീകരണം<br>- രക്ഷിതാക്കളും കുട്ടികളും ചേർന്നുള്ള വായന<br>- വായിച്ചുകേട്ട കഥ ആശയ ചോർച്ചയില്ലാതെ പറയൽ<br>- ഓൺലൈൻ വായനോത്സവം<br>- വായിച്ചുകേട്ട കഥകൾ ചിത്രങ്ങളായും പാട്ടാക്കി മാറ്റിയും അവതരണം<br>- **<u>കഥാവേള</u>** - ഓരോ ദിവസവും 10 മിനിറ്റ് കുട്ടികൾ ഊഴമിട്ട് കഥ പറയൽ<br>- C P T A യിൽ കഥാവതരണം<br>- വായനാ മത്സരം | ഒരു വർഷം<br><br>2 മാസം |

| | | |
|---|---|---|
| (2)കുട്ടിപ്പാട്ടുകളും ബാലകവിതകളും കേട്ടും വായിച്ചും ആസ്വദിക്കുന്നതിനുള്ള കഴിവ് നേടുന്നു<br>- ആസ്വാദ്യതയോടെ ചൊല്ലി അവതരിപ്പിക്കുന്നു<br>- സ്വന്തമായി ചെറുകവിതകളും പാട്ടുകളും നിർമ്മിക്കുന്നതിന് കഴിവ് നേടുന്നു<br>(3)വിവിധ സന്ദർഭങ്ങളിൽ സംഭാഷണങ്ങളിൽ ഏർപ്പെടുന്നതിനും സംഭാഷണ രചന നടത്തുന്നതിനും കഴിവ് നേടുന്നു<br>(4)ഭാവം ഉൾക്കൊണ്ട് ശബ്ദ വ്യക്തിയാനത്തോടെ വ്യതിയാനത്തോടെ സദസ്സിനും മുൻപാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് നേടുന്നു | **പാട്ട് അരങ്ങ് -**<br>- ഭാവം ആംഗ്യം എന്നിവയോടെ പാട്ടുകളും കവിതകളും അവതരിപ്പിക്കുന്നു<br>- താളം പാലിക്കും വിധം പുതിയ വാക്കുകൾ ചേർത്ത് പൂരിപ്പിക്കുന്നു<br><br>റോൾ പ്ലേ<br><br>റീഡേഴ്സ് തിയ്യേറ്റർ | |

| | | |
|---|---|---|
| - പാട്ടിനും ആശയത്തിനും അനുസൃതമായി താളത്തിൽ ചുവട് വയ്ക്കുന്നു<br>- പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളി ഉപകരണങ്ങൾ ആക്കി മാറ്റുന്ന<br>- കലാശേഷിയും കവരവിരുതും വികസിപ്പിക്കുന്നു<br>(5)കുട്ടിയുടെ സ്വതന്ത്ര രചനശേഷി വികസിപ്പിക്കുക<br>- പരിചയിച്ച അക്ഷരങ്ങൾ പുതിയ രചന സന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കുക.<br>- കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്ര സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.<br>(6)കുട്ടികളുടെ സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന് | **പാട്ടരങ്ങ്**<br>ഡിജിറ്റൽ പോർട്ട് ഫോളിയോ<br><br>നിർമ്മാണ ശില്പശാല<br>പറവ നിർമ്മാണം<br>കൊളാഷ് നിർമ്മാണം<br>പുഴു, പട്ടം നിർമ്മാണം<br><br>**സംയുക്ത ഡയറി**<br>- CPTA പ്രക്രിയ ബോധ്യപ്പെടുത്തൽ<br>- മുൻ വർഷത്തെ ഡയറികൾ പരിചയപ്പെടൽ<br>- ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ എഴുത്തിൻറെ<br>- പ്രക്രിയ മനസ്സിലാക്കൽ<br>**രചനോത്സവം**<br>- ആഴ്ചയിൽ ഒരു ചിത്രം നൽകിയശേഷം അതിൻറെ അടിസ്ഥാനമാക്കി T R നൽകുന്ന | ജൂൺ ജൂലൈ<br><br>ജൂലൈ മുതൽ<br><br>യൂണിറ്റ് 6 മുതൽ എല്ലാ ആഴ്ചയും ഓരോന്ന് |

| | | |
|---|---|---|
| - സ്വതന്ത്ര രചനക്ക് അവസരം ഒരുക്കുക<br>- സമൂഹവുമായി രചനകൾ പങ്കിടൽ<br><br>**ഗണിതം**<br>- രൂപങ്ങൾ ആകൃതിക്ക് അനുസരിച്ച് തരം തിരിക്കുന്നു.<br>- ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും തരംതിരിക്കുകയും ചെയ്യുന്നു<br>- ചിത്രങ്ങൾക്ക് നിറം നൽകുന്നു ചിത്ര പാറ്റേണുകൾക്ക് നിറം നൽകുന്നു.<br>- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുക. | ചോദ്യങ്ങളുടെ സർഗാത്മക രചനക്ക് അവസരം<br>- പുസ്തക പ്രകാശനം<br>- സർഗാത്മക നാടകം<br><br>കുത്തുകളിലൂടെ വരക്കൽ<br>സ്വതന്ത്രമായി വരിക്കൽ<br>കടലാസിൽ രൂപങ്ങൾ വെട്ടിയെടുക്കൽ<br>എണ്ണൽ<br>മൈമിംഗ്<br>ദോശ ചുടൽ<br>എണ്ണി പറയൽ<br><br>- കുഞ്ഞു പുസ്തകം നിർമ്മാണം<br>- ഒന്നു മുതൽ 5 വരെ ചിത്രവും എണ്ണവും അഭിമുഖമായി വരുന്ന രീതിയിൽ തയ്യാറാക്കുന്നു. | മാർച്ച്<br><br>മൂന്നാം ടൈം |

| | | |
|---|---|---|
| ➕ ഒരു നിശ്ചിത എണ്ണം ഒരു കൂട്ടം വസ്തുക്കളിൽ നിന്നും എണ്ണി എടുക്കുന്നു. | ➕ മഞ്ചാടി സഞ്ചി (ഓരോ കുട്ടിക്കും ഗണിത പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കുന്നു. | |
| **<u>English</u>**<br>Aim<br>➕ To speak read and write English without any mistake.<br>➕ To develop listening skills and reading skills. | • Description-growing sentences<br>• Picture reading<br>• Riddles<br>• Find out words from reading material<br>• Rhyming words<br>• Describing words from text book activities<br>• Make word chain<br>• Make Word Web<br>• Story telling<br>• conversation | July onwards |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - II**

| പ്രവർത്തനം | ലക്ഷ്യം | കാലം |
|---|---|---|
| ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | ഒക്ടോബർ - നവംബർ |
| കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ. | സർഗാത്മകഥയെ ഉണർത്താം | ഡിസംബർ - ജനുവരി |
| സംയുക്ത ഡയറി പുസ്തകരൂപത്തിൽ മാറുന്നു. | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും | ജനുവരി |
| റീഡേഴ്സ് തിയറ്റർ. | എല്ലാ കുട്ടികളും റീഡേഴ്സ് തിയേറ്ററിലൂടെ മികച്ച വായനക്കാർ ആകുന്നു | ജൂലൈ - സെപ്തംബബർ - മാർച്ച് |
| പാഠപുസ്തകവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ സ്വയം ചെയ്യാൻ അവസരം നൽകുന്നു. | ശാസ്ത്രപഠനം ആസ്വാദ്യകരമാകുന്നു. | ജൂലൈ - മാർച്ച് |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ് - II**

| **പ്രവർത്തനം** | **ലക്ഷ്യം** | **കാലയളവ്** |
|---|---|---|
| കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ.<br><br>വട്ടത്തിലോടാം. (തുടർച്ചയായി എണ്ണൽ സംഖ്യകളുടെ ക്രമം)<br>കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)<br>ബോൾ കളി (ഗുണനം)<br><br>10-ൻറെ കെട്ടുകൾ, മഞ്ചാടി, സ്ട്രോ, കളിനോട്ടുകൾ എന്നിവയടങ്ങിയ ഒരു ഗണിത കിറ്റ് എല്ലാ കുട്ടികളുടെ കയ്യിലും ഉൾപ്പെടുത്തുന്നു<br>. | ഗണിത ചിന്താശേഷി വളർത്തൽ<br><br>ഗണിത കേളികളുടെ ഗണിത പഠനത്തിൽ താല്പര്യവും യുക്തി ബോധവും വളർത്തുന്നു.<br><br>ഗണിതം ആസ്വാദകരമാകുന്നതിന് | ആഴ്ചയിൽ ഒന്നു വീതം<br><br>ജൂൺ<br><br>മാർച്ച് |

# Academic Master Plan
# English
# Class II

| Activities | Aims | Years |
|---|---|---|
| Games, Action songs<br>Picture reading<br>Picture description<br>Newspaper reading<br>Rhyming words | To speak, read and write English without any mistake | June<br>July<br>August |
| Make Word Web<br>Word pyramid,<br>Make words<br>Sentences, word chain<br>Add more lines<br>English Balasabha<br>. | Writing skills | September<br>March |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ് - III**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** |
|---|---|---|
| ജാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശിൽപ്പശാല രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും | ഒക്ടോബർ |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | ഗണിതോത്സവം | ജനുവരി |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - III**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** |
|---|---|---|
| സാഹിത്യപ്രതിഭകളെ അടുത്തറിയാം | കവികളെ കുറിച്ചുള്ള ഡോക്യുമെൻററി പ്രദർശനം | ജൂലൈ |
| | പുസ്തക ശേഖരണവും പ്രദർശനവും | ഡിസംബർ |
| | പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | ജനുവരി |
| വായനാ പരിപോഷണം | വായന കളരി നാട്ടുവായന | നവംബർ |
| | പ്രാദേശിക എഴുത്തുകാരെ പരിചയപ്പെടൽ | ആഗസ്റ്റ് |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസര പഠനം**

**ക്ലാസ് - III**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** |
|---|---|---|
| ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പ് തയ്യാറാക്കൽ | ജൂലൈ<br><br>ആഗസ്റ്റ് |
| പ്രകൃതി നടത്തം | ജൈവവൈവിധ്യങ്ങൾ ജൈവവൈവിധ്യ പാർക്ക് മഴക്കുഴി നിർമ്മാണം ജലശോദസുകൾ പരിസ്ഥിതി സംരക്ഷണം | ഡിസംബർ |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്രമാസിക<br>പരീക്ഷണം | |

# Academic Master Plan

# English

# Class III

| Aims | Activities | Duration |
| --- | --- | --- |
| To speak, read and write English without any mistake | Action songs | July |
| | Picture reading | |
| | Newspaper reading | September |
| | One day one word | August |
| | Make word chain | |
| | Develop story | December |
| | Conversations | |
| | Add more lines | January |
| | English assembly | |

**മേഖല - അക്കാദമികം**

**ഉപമേഖല - മലയാളം**

**ക്ലാസ് - IV**

| **പ്രവർത്തനം** | **ലക്ഷ്യം** | **കാലയളവ്** |
|---|---|---|
| ലൈബ്രറി സന്ദർശനം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>സ്കൂൾ ലൈബ്രറി<br>വായനാവാരം ,വായനക്കുറിപ്പ് | വായനാ ശേഷി വളർത്തൽ | ജൂൺ - മാർച്ച് |
| പത്രവായന, പുസ്തകമേള ,വായനക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>വായന മരം ,വിവരണം, സംഭാഷണം<br>നൂറോളം പതിപ്പ് പ്രകാശനം | എഴുത്ത് പരിപോഷിപ്പിക്കൽ | ജൂൺ - മാർച്ച് |
| കവിതകൾ താളമിട്ട് ചൊല്ലൽ | ഭാവാത്മക വായന പരിപോഷിപ്പിക്കൽ | ജൂൺ - മാർച്ച് |
| ജീവചരിത്രക്കുറിപ്പ്<br>സ്റ്റീഫൻ ഹോക്കിംഗ്<br>ഹെലൻ കെല്ലർ | വൈകല്യത്തെ അതിജീവിച്ച് സമൂഹത്തിൽ തൻറേതായ സ്ഥാനം നേടിയവരെ പരിചയപ്പെടുന്നു | ജൂൺ - ജൂലൈ |

# Academic Master Plan
# English
# Class IV

| Activities | Aims | Years |
|---|---|---|
| Games, Action songs<br>Conversation , ICT<br>Simple instructions<br>Newspaper reading<br>Book review<br>English Assembly<br>English diary<br>English corner<br>Book review<br>Introducing new book<br>Notice<br>Conversation<br>Description<br>Skit , Drama | To speak, read and write English without any mistake<br><br>To improve the ability to read speak and write in English.<br><br>To improve the ability to use English language<br><br>To familiarise different discourses and change this from one to other | June - March<br><br>Once in a week<br><br>June - March<br><br>June - March |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസര പഠനം**

**ക്ലാസ് - IV**

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് |
|---|---|---|
| ആൽബം തയ്യാറാക്കൽ വീഡിയോ പ്രദർശനം ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ | സ്വാതന്ത്ര്യ സമര സേനാനികളെ പരിചയപ്പെടുന്നു | ജൂൺ - മാർച്ച് |
| ശാസ്ത്ര ക്ലാസുകൾ രസകരമാക്കാനുള്ള സാമഗ്രികൾ ഒരുക്കൽ വീഡിയോ പ്രദർശനം പരീക്ഷണങ്ങൾ | ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കുന്നു. | ഫെബ്രുവരി |
| ശാസ്ത്രമേള | ശാസ്ത്രപഠനം രസകരമാക്കുന്നു | ജനുവരി |
| ശാസ്ത്രം ഫീൽഡ്ട്രിപ്പ് | പ്ലാനിറ്റോറിയം / സയൻസ് പാർക്ക് സന്ദർശിക്കൽ | |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ് - IV**

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് |
|---|---|---|
| വിവിധ വിവിധതരം കളികൾ ആസൂത്രണം ചെയ്യുന്നു | ഗണിത പഠനം രസകരമാക്കുന്നു | ജൂൺ - മാർച്ച് |
| ഡയസ് കളി, കച്ചവട കളി<br>ഏണിയും പാമ്പും | സംഖ്യ ബോധം ഉറപ്പിക്കുന്നു. | ജൂൺ - മാർച്ച് |
| ക്ലാസ് റൂം പ്രവർത്തനങ്ങൾ | വിവിധതരം രൂപങ്ങൾ ഉണ്ടാക്കുന്നതിലൂടെ ജാമിതീയ രൂപങ്ങൾ പഠിക്കുന്നു | ജൂലൈ |
| കളികൾ | | |
| ഒറിഗാമി | | |

## മേഖല യു.പി. ഇംഗ്ലീഷ് - ക്ലാസ് 5

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) | ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം നൽകുന്നു | Lend Your Ear – ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| | | Follow Me If You Can – ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Breaking New ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) | ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| 3) | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടി | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | ലേക്ക് തെറ്റു കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br><br>Fun Time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ആഴ്ചയിൽ ഒരു ഇംഗ്ലീഷ് പിരിയഡ് | ഇംഗ്ലീഷ് അധ്യാപകൻ | |

## മേഖല യു.പി. ഹിന്ദി – ക്ലാസ് 5

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) | 5-ാം ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കിക്കൊടുത്ത് പഠിപ്പിക്കും.<br>ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) | ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## മേഖല യു.പി. ഗണിതം – ക്ലാസ് 5

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്, ......) | ജൂൺ | ഗണിത അധ്യാപകൻ | |
| 2) | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒരിഗാമി ശിൽപശാല ജപ്പാനീസ് കലയായ ഒറിഗാമായിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3) | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി എളുപ്പമാക്കുന്നു. | 2 മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 4) | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | രണ്ടാഴ്ചയിൽ ഒരിക്കൽ | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 5) | വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച്വരെ നടന്ന ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SKG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കാൻ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br>ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലംവരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ)<br><br>അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽനിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കെ, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാൻമാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 5) | സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നൻമയുടെ നുറുങ്ങുവെട്ടം<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | പി.ടി.എ |

## മേഖല യു.പി. സയൻസ് - ക്ലാസ് 5

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) | ജീവിത സാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | കണ്ടറിയാനൊരു യാത്ര വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ<br>പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂലൈ<br>ജൂൺ മുതൽ | ശാസത്രാധ്യാപകൻ<br>ശാസ്ത്രാധ്യാപകർ | രക്ഷിതാക്കൾ |
| 2) | ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | എക്സ്പ്പോ - എക്സ്പ്ലോർ<br>ആധുനിക ശാസ്ത്രത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>ശാസ്ത്രാധ്യാപകർ | ശാസ്ത്ര ക്ലബ്ബ് |

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 3) | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | വിസ്മയ യാത്ര<br>കളഠ യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീജിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. മലയാളം – ക്ലാസ് 5

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>ഭാഷാകേളി:<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>വാക്കുകളിൽനിന്നും വാക്യത്തിലേക്ക്:<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം | ജൂൺ<br>ജൂൺ<br>ജൂൺ | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | |
| 2) | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുന്നു. | വാർത്താലോകത്തേക്ക് പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുന്നു.<br>വാർത്താവായന: | എല്ലാ ദിവസവും | മലയാള അധ്യാപകൻ | |

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | 2 മാസത്തിലൊരിക്കൽ | മലയാളം ക്ലബ്ബ് | |
| 3) | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരൻമാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച്കൊണ്ട് ശിൽപശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം<br>അക്കാദമിക് വർഷം | <br>പി.ടി.എ. സ്കൂൾ | പി.ടി.എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ : അറബിക്

## ആമുഖം

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി ഭാഷ. നമ്മുടെ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വിദേശ ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. നമ്മുടെ വിദ്യാലയത്തിൽ മറ്റു വിഷയങ്ങൾക്കൊപ്പം ഇഴ ചേർന്ന് അറബി ഭാഷ പഠനവും മുന്നോട്ടുപോകുന്നു എന്നത് വളരെ അഭിമാനകരവും അഭിനന്ദനാർഹവുമായ കാര്യമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൻ്റെയും വിദ്യാർത്ഥി ശാക്തീകരണത്തി ൻറെയും പ്രഥമ പടിയായ അക്കാദമിക മാസ്റ്റർപ്ലാൻ നിർമ്മാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരു ഇനമാണ് ഭാഷാ പഠനം. ഭാഷ അധ്യയന മേഖലയിൽ അക്കാദമിക മാസ്റ്റർപ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഭാഷ സ്വായത്തമാക്കാനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുക എന്നത്. ഭാഷാപഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ടതാണ്. അറബി ഭാഷ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപ വിന്യാസത്തിൽ ഉണ്ടാവുന്ന മാറ്റങ്ങളാണ്. പല അക്ഷരങ്ങളും ഒരു വാക്കിന്റെ ആദ്യത്തിലും മധ്യത്തിലും അന്ത്യത്തിലും വേറിട്ടും വരുമ്പോൾ വ്യത്യസ്ത രൂപങ്ങളിലാണ് എഴുതപ്പെടുന്നത്. അറബി ഭാഷ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽവച്ച്കൊണ്ട് തയ്യാറാക്കിയതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

അറബിക് അധ്യാപിക

ജിഎൽപി സ്കൂൾ

വള്ളിക്കുന്ന്

## ക്ലാസ്സ് 1 & 2

## മേഖല അക്കാദമികം  ഉപമേഖല അറബിക്

**നേരിടുന്ന പ്രശ്നങ്ങൾ :**

- സ്വാതന്ത്ര്യ വായനയ്ക്ക് പ്രയാസം നേരിടുന്നു.
- സ്വതന്ത്ര ആശയവിനിമയത്തിന് പ്രയാസം നേരിടുന്നു.
- എഴുത്തിന് പ്രയാസം നേരിടുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • അറബി ഭാഷ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലേക്കും എത്തിക്കുക<br>• തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവ് നേടിയെടുക്കുക<br>• ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുക.<br>• ഹർക്കത്തുകൾ മനസ്സിലാക്കി വായിക്കുക. | • പ്രീ ടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം വായനാ കാർഡുകൾ നൽകുന്നു.<br>• ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു .<br>• ചിത്രവായന, ക്ലാസ് വായന, വീടു വായന .<br>• വാക്യങ്ങൾ ഉറപ്പിക്കൽ.<br>• ഇ - വായന. | ജൂൺ മുതൽ ഫെബ്രുവരി വരെ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| • അക്ഷരവായന .<br>• എഴുത്തുരീതി .<br>• ചിഹ്നങ്ങൾ ചേർത്ത് വായന .<br>• അറബി ഭാഷ എഴുത്തിൻറെ പരിപോഷണം .<br>• പദനിർമാണം . | • അക്ഷരക്കാർഡുകൾ നൽകുന്നു .<br>• അക്ഷരത്തിനു നിറം നൽകുന്നു .<br>• ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിക്കുന്നു .<br>• ICT ഉപയോഗിക്കുന്നു .<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ .<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ .<br>• കൂട്ടിയെഴുത്ത് .<br>• അക്ഷരക്കാർഡ് നിർമ്മാണം.<br>• കയ്യെഴുത്ത് മാസിക .<br>• ചുമർ പത്രിക നിർമ്മാണം .<br>• അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലിപ്പിക്കുന്നു .<br>• പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു .<br>• പാഠ പുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകുന്നു. | ജൂലൈ മുതൽ മാർച്ച് വരെ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| • അറബി ഭാഷാ സംസാരിക്കുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കുന്നു.<br>• ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു.<br>• പക്ഷി മൃഗാദികളുടെ പേരുകൾ പഠിക്കുന്നു.<br>• കുടുംബം, ചുറ്റുപാട്, എന്നിവ മനസ്സിലാക്കുകയും പ്രകൃതി സ്നേഹം ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.<br>• കവിതകൾ, കഥകൾ എന്നിവ ആസ്വദിക്കുന്നു . | • E ടെക്സ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾപ്പിക്കുന്നു .<br>• ഭാഷ കളികൾ , ക്ലാസ് സംഭാഷണം .<br>• സംഭാഷണം കേൾക്കുന്നു .<br>• കവിതകൾ .<br>• ചിത്രീകരണം .<br>• പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ നിത്യേന ക്ലാസിൽ സന്ദർഭങ്ങൾക്കനുസരിച്ച് ഉപയോഗിക്കുന്നു<br>• ചെറിയ കവിതകൾ, കഥകൾ എന്നിവ വായിച്ചു കേൾപ്പിക്കുന്നു.<br>• കഥാപാത്രങ്ങളെ തിരിച്ചറിയാനും പുതിയ പദങ്ങൾ വായിക്കാനും പരിശീലിപ്പിക്കുന്നു. | ജൂൺ - മാർച്ച് |

## ക്ലാസ്സ് 3,4 &5

## മേഖല : അക്കാദമികം ഉപമേഖല അറബിക്

**നേരിടുന്ന പ്രശ്നങ്ങൾ :**

- സ്വാതന്ത്ര്യ വായനയ്ക്ക് പ്രയാസം നേരിടുന്നു.
- സ്വതന്ത്ര ആശയവിനിമയത്തിന് പ്രയാസം നേരിടുന്നു.
- എഴുത്തിന് പ്രയാസം നേരിടുന്നു.
- പദസമ്പത്തിൻറെ കുറവ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • തെറ്റുകൂടാതെ വായിക്കാനുള്ള കഴിവ് ഉണ്ടാക്കുന്നു.<br>• അറബി ഭാഷ എഴുത്തിൻറെ പരിപോഷണം . | • ചിത്ര വായന .<br>• കഥാ വായന .<br>• ക്ലാസ് വായന .<br>• ലൈബ്രറി വായന .<br>• മാഗസിൻ വായന .<br>• വായന മത്സരങ്ങൾ .<br>• വാക്യങ്ങൾ ഉറപ്പിക്കൽ .<br>• വ്യാകരണങ്ങൾ .<br>• E - വായന . | |

| | | |
|---|---|---|
| | • അക്ഷരങ്ങൾ ഉറപ്പിക്കൽ .<br>• പദങ്ങൾ ഉറപ്പിക്കാൻ ചാർട്ട് എഴുത്ത് .<br>• ചിത്രകഥ നിർമാണം. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നു.<br>• പ്രകൃതി സ്നേഹം ഊട്ടി ഉറപ്പിക്കുന്നു<br>• പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയാൻ.<br>• പദശേഖരണം.<br>• കഥകൾ, കവിതകൾ ആസ്വദിക്കുന്നു | • കൈയെഴുത്ത് മാഗസിൻ .<br>• നിഘണ്ടു നിർമാണം (ക്ലാസ് 5) .<br>• പദകേളി .(ക്ലാസ്സ് 3-5)<br>• E - ടെക്സ്റ്റ് ഉപയോഗിച്ച് വിവിധ സംഭാഷണങ്ങൾ കേൾപ്പിക്കുന്നു .<br>• ക്ലാസ് സംഭാഷണം .<br>• കാർട്ടൂൺ പ്രദർശനം .<br>• പദസമ്പത്ത് വർധിപ്പിക്കൽ.<br>• ഭാഷാ കളികൾ .<br>• ഉപചാര വാക്കുകൾ ഉപയോഗിക്കുന്നു .<br>• പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കൽ . | ജൂൺ - ഫെബ്രുവരി |

| | | |
|---|---|---|
| | • ചെറിയ കഥകൾ കവിതകൾ എന്നിവ വായിക്കുന്നു.<br>• പുതിയ പദങ്ങൾ തിരിച്ചറിയുന്നു .<br>• വായിക്കാൻ പരിശീലിക്കുന്നു. | |

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** |
|---|---|---|
| • ദിനാചരണങ്ങൾ പരിചയപ്പെടൽ .<br>• മാഗസിൻ നിർമ്മാണം .<br>• പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് .<br>• മൂല്യ മനോഭാവങ്ങൾ ഭാഷാപഠന വിനിമയത്തിലൂടെ മുഴുവൻ കുട്ടികൾക്കും ഉറപ്പാക്കുക . | • ദിനാചരണങ്ങളുടെ ഭാഗമായി അറബിയിൽ പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരണങ്ങൾ നൽകുന്നു.<br>• ഓരോ കുട്ടിക്കും ഓരോ മാഗസിൻ. കൊച്ചുകഥകൾ, കവിതകൾ, പുതിയ പദങ്ങൾ, വരച്ച ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി മാഗസിൻ നിർമ്മിക്കുന്നു.<br>• ഒരക്ഷരം ഒരുപാട് പദങ്ങൾ .<br>• ഒരു ദിനം ഒരു പദം.<br>• പദച്ചങ്ങല, പദപയറ്റ്, പദകേളി എന്നിവ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്നു. | ജൂൺ - മാർച്ച് |

| | | |
|---|---|---|
| | • അറബിക് ക്ലബ് ശാക്തീകരണം .<br>• ആശയ വിനിമയ വേദി ഒരുക്കി കൊടുക്കൽ. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • IT സാധ്യതകൾ ഉപയോഗിക്കാനും പ്രയോജനപ്പെടുത്താനും ഉള്ള കഴിവ് കുട്ടികളിൽ സൃഷ്ടിച്ചെടുക്കുക.<br>• ഭാഷാ സാഹിത്യാഭിരുചിക്കനുസരിച്ച് സർഗാത്മകതയും കുട്ടികളിൽ വികസിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുക. | • Smart അറബിക് പ്രോഗ്രാം .<br>• ദിനാചരണ പ്രവർത്തനങ്ങൾ .<br>• ഭാഷകളിലൂടെ പഠനം.<br>• കയ്യെഴുത്ത് , ഡിജിറ്റൽ വായന, രചന പരിപോഷണ പരിപാടി .<br>• മത്സര പരിപാടികൾ .<br>• ചുമർ പത്രിക .<br>• ദിനാചരണങ്ങളോടനുബന്ധിച്ച് അതുമായി ബന്ധപ്പെട്ട ചിത്രങ്ങൾ | ജൂലൈ - ഡിസംബർ |

| | | |
|---|---|---|
| | വരയ്ക്കുക ,കവിത എഴുതുക, പോസ്റ്റർ തയ്യാറാക്കുക .<br>• ക്വിസ് മത്സരങ്ങൾ .<br>• വാർഷിക ദിനത്തിൽ അറബി പ്രസംഗം , അറബി കഥ, കവിത ,ഗാനം അവതരണം. | |

| മറ്റു പ്രവർത്തനങ്ങൾ | പ്രവർത്തന രീതി |
|---|---|
| • പ്രവർത്തന കലണ്ടർ തയ്യാറാക്കൽ .<br>• "അലിഫ് "അറബിക് ക്ലബ് രൂപീകരണം .<br>• അറബിക് ബുള്ളറ്റിൻ .<br>• ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം , പ്രദർശനം , പതിപ്പ് തയ്യാറാക്കൽ, ക്വിസ് മത്സരം.<br>• മാസത്തിൽ ഒരു അറബിക് അസംബ്ലി .<br>• ഒരു ദിനം ഒരു പദം (അറബി - മലയാളം - ഇംഗ്ലീഷ്) (ജൂലൈ 1 മുതൽ 100 പദങ്ങൾ. അറബിക് ദിനം വരെ) | • പിന്നോക്കക്കാർക്കും ഭാഷാ പഠനത്തിൽ പിന്തുണ ആവശ്യമുള്ളവർക്കും ആവശ്യാനുസരണം ഇടപെടുകയും സഹായങ്ങൾ നൽകുകയും ചെയ്യുന്നു .<br>• ഭാഷ തെറ്റ് കൂടാതെ വായിക്കാനും എഴുതാനും ആശയങ്ങൾ രൂപീകരിച്ച് അവതരിപ്പിക്കാനും സഹായിക്കുന്നു. |

| | |
|---|---|
| • അറബിക് കോർണർ തയ്യാറാക്കൽ .<br>• അറബിക് ഫെസ്റ്റ് (ഡിസംബർ 18 അറബിക് ഭാഷാ ദിനത്തോടനുബന്ധിച്ച് വിപുലമായി) .<br>• സ്കൂൾ ലൈബ്രറിയിൽ അറബിക് വായന സാമഗ്രികൾ ഒരുക്കൽ. | |

# ACADEMIC MASTER PLAN

# 2025-26



# G L P S VALLIKUNNU